## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

സാന്നിദ്ധ്യം-സി.പി. രാമരാജപ്രേമ പ്രസാദ്

### സംഗ്രഹം

തിരുവല്ലം, ഒ.റ്റി.സി. കൊട്ടാരക്കര, മലയാലപ്പുഴ ദേവസ്വങ്ങളിലെ മേൽശാന്തി നിയമനം സംബന്ധിച്ച്.

ആർ.ഒ.സി.നം . 7 /15/എസ്. തിരുവനന്തപുരം, 27 /7/2015

പരാമർശം:-

1. 11-5-15-ലെ 942/13/മിസ്.1. നമ്പർ ബോർഡുത്തരവ്.
2. ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 22-7-15-ലെ 1016-ാംനമ്പർ റിപ്പോർട്ട്.
3. തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 23-7-15-ലെ 1796-ാംനമ്പർ റിപ്പോർട്ട്.
4. കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 24-7-15-ലെ 1809-ാംനമ്പർ റിപ്പോർട്ട്.
5. ഉള്ളൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 25-7-15-ലെ 1726-ാംനമ്പർ റിപ്പോർട്ട്.

### ഉത്തരവ്

സൂചന ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി. മണികണ്ഠേശ്വരം, ആറന്മുള ഗ്രൂപ്പിലെ മലയാലപ്പുഴ, തിരുവനന്തപുരം ഗ്രൂപ്പിലെ തിരുവല്ലം, ഉള്ളൂർ ഗ്രൂപ്പിലെ ഒ.റ്റി.സി. ഹനുമാൻ ദേവസ്വം എന്നീ ക്ഷേത്രങ്ങളിലേയ്ക്ക് മേൽശാന്തി-മാരായി തെരഞ്ഞെടുക്കപ്പെടുന്നതിലേയ്ക്ക് ലഭിച്ച 38 അപേക്ഷകരിൽ നിന്നും ഇന്റർവ്യൂ നടത്തി ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും ഉയർന്ന മാർക്ക് നേടിയവരെ ഉൾപ്പെടുത്തി 22-7-15, 23-7-15, 24-7-15, 25-7-15 എന്നീ തീയതികളിൽ അതാതു ദേവസ്വങ്ങളിൽ വച്ചു നടന്ന നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ ചുവടെ വിവരിക്കും വിധം 2015-16 വർഷത്തേയ്ക്ക് മേൽശാന്തിമാരായി നിയമിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

| ക്രമ നം: | പേര് | ഇപ്പോൾ ജോലി നോക്കുന്ന ദേവസ്വം | നിയമനം ലഭിച്ച ദേവസ്വം |
|---|---|---|---|
| 1. | ശ്രീ. എം.ഇ. മനുകുമാർ | വാകത്താനംദേവസ്വം ചങ്ങനാശ്ശേരി. | പി.ഡി.മണികണ്ഠേശ്വരം ദേവസ്വം, കൊട്ടാരക്കര. |
| 2. | ശ്രീ. ജി. നാരായണൻ | തൃപ്പലിയൂർദേവസ്വം, കൊല്ലം. | മലയാലപ്പുഴ ദേവസ്വം, ആറന്മുള ഗ്രൂപ്പ്. |
| 3. | ശ്രീ.എൻ.കേശവൻ നമ്പൂതിരി | മാവേലിക്കര ദേവസ്വം മാവേലിക്കര. | തിരുവല്ലം ദേവസ്വം തിരുവനന്തപുരം ഗ്രൂപ്പ്. |
| 4. | ശ്രീ.എസ്. ഉണ്ണികൃഷ്ണൻ | ഇടവൂർ ഗണപതി നെയ്യാറ്റിൻകര. | തിരുവല്ലം ദേവസ്വം തിരുവനന്തപുരം ഗ്രൂപ്പ് |
| 5. | ശ്രീ.എം.മാധവൻ നമ്പൂതിരി | ഗൗരീശപട്ടം, ഉള്ളൂർ. | ഒ.റ്റി.സി. ഹനുമാൻ ദേവസ്വം ഉള്ളൂർ ഗ്രൂപ്പ്. |

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)